പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 787 | 04/03/2020 ൽ മറുപടിക്ക്

**മുട്ടക്കോഴി വളർത്തൽ**

ചോദ്യം

**ശ്രീ.എം. സ്വരാജ്**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു എന്ന് വിശദാംശം സഹിതം അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. **<u>കെപ്കോ ആശ്രയ പദ്ധതി</u>**-തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവാ പെൻഷൻ വാങ്ങുന്ന മുഴുവൻ വിധവകൾക്കും 10 കോഴി, 10 കിലോ തീറ്റ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.<br>2. **<u>കെപ്കോ വനിതാമിത്രം</u>** - തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 1000 വനിതകൾക്ക് 10 കോഴി, 10 കിലോ തീറ്റ മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 250/- രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി.<br>3. **<u>കെപ്കോ നഗരപ്രിയ പദ്ധതി</u>**- തെരെഞ്ഞെടുക്കുന്ന മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ തെരെഞ്ഞെടുക്കപ്പെടുന്ന 1000 ഗുണഭോക്താക്കൾക്ക് ആധുനിക രീതിയിലുള്ള ഒരു കൂട്, 5 കോഴികൾ, 5 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 850/- രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി.<br>4. **<u>കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി</u>** - സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 6 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 5 കോഴി, 5 കിലോത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു. |

| | | | |
|---|---|---|---|
| | | | **<u>മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**<br><br>5. **<u>സ്കൂൾ ബാക്യാർഡ് പൗൾട്രി പദ്ധതി</u>** - സംസ്ഥാനത്തെ മൊത്തം 1305 സർക്കാർ/ എയ്ഡഡ് അപ്പർ പ്രൈമറി/ ഹൈസ്കൂൾ ക്ലാസുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ നൽകുന്നു. ടി പദ്ധതി നടത്തിപ്പിനായി 425 ലക്ഷം രൂപയാണ് 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ 65,250 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കും. 3,26,250 കോഴിക്കുഞ്ഞുങ്ങളെ പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യും. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.<br>6. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി- കൂട്, മുട്ടക്കോഴി(5 എണ്ണം) എന്നിവയുൾപ്പെടെ 5000/- രൂപയുടെ സഹായം ഒരു ഗുണഭോക്താവിന് ലഭിക്കും. 20.5 ലക്ഷം രൂപയാണ് 2019-20 സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. 410 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും. |
| (ബി) | പ്രസ്തുത പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നതിന് നിലവിൽ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | പത്രപ്പരസ്യം, മറ്റ് ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ എന്നിവ വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ചെയർമാൻമാർ എന്നിവർക്ക് രേഖാമൂലം മുൻകൂട്ടി അറിയിപ്പുകൾ നൽകിയും, പ്രചാരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ